## പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2126 07.07.2015-ലെ മറുപടിയ്ക്ക്**

**ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.എ.വാഹീദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. ടി.എൻ.പ്രതാപൻ | | ശ്രീ.കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | എ) | ഈ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും ലഭിച്ച വരുമാനവും, വരുമാനത്തിൽ ഉണ്ടായ വർദ്ധനവും ചുവടെ ചേർക്കുന്നു. |

| വർഷം | വിറ്റുവരവ് (₹. കോടിയിൽ) | വർദ്ധനവിന്റെ ശതമാനം (മുൻവർഷത്തെ അപേക്ഷിച്ച്) |
|---|---|---|
| 2011-12 | 1287.22 | 130.70 |
| 2012-13 | 2778.80 | 115.87 |
| 2013-14 | 3793.84 | 36.52 |
| 2014-15 | 5445.84 | 43.54 |
| 2015-16 | 896.51<br>(2015 മേയ് വരെ ) | 10.19 |

| | | | |
|---|---|---|---|
| ബി) | ലോട്ടറി നടത്തിപ്പിൽ ഈ കാലയളവിൽ എത്ര ലാഭം ഉണ്ടായിട്ടുണ്ട്; | ബി) | ഈ സർക്കാരിന്റെ കാലത്ത് ലോട്ടറി നടത്തിപ്പിൽ നിന്നും ലഭിച്ച ലാഭം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | ലാഭം (₹. കോടിയിൽ) |
|---|---|
| 2011-12 | 394.87 |
| 2012-13 | 681.76 |
| 2013-14 | 788.42 |
| 2014-15 | 1168.26 |
| 2015-16 | സാമ്പത്തിക വർഷാവസാനം മാത്രമേ യഥാർത്ഥ ലാഭം കണക്കാക്കാൻ കഴിയുകയുള്ളു. |

| | | | |
|---|---|---|---|
| സി) | ഈ നേട്ടങ്ങൾക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്; | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 10.08.2011 ലെ ജി.ഒ.(എംഎസ്) നം 105/11/റ്റി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുതായി 6 പ്രതിവാര ഭാഗ്യക്കുറികൾ ആരംഭിച്ചു. ചെറുകിട ഏജന്റുമാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ കമ്മീഷൻ വ്യവസ്ഥകൾ ക്രമീകരിക്കുകയും, ഏജന്റുമാരുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് സമ്മാനഘടനകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും, ഡിമാന്റനുസരിച്ച് ടിക്കറ്റച്ചടി വർദ്ധിപ്പിക്കുകയും, നറുക്കെടുപ്പ് യന്ത്രവത്കരിച്ച് സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ നടപടികളും അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് നിയന്ത്രിച്ചതും നിയമവിരുദ്ധ ലോട്ടറികൾക്കെതിരായ ശക്തമായ നടപടികളും സംസ്ഥാന ഭാഗ്യക്കുറിയുടെ വിൽപന വർദ്ധിക്കുന്നതിനും തത്ഫലമായി ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാന വർദ്ധനവിനും കാരണമായിട്ടുണ്ട്. |
| ഡി) | ലോട്ടറി ടിക്കറ്റ് വിൽപനയിൽ റെക്കോർഡ് നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുനരാരംഭിച്ചപ്പോൾ പൗർണ്ണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ 25 ലക്ഷം ടിക്കറ്റുകളും ധനശ്രീ, പ്രതീക്ഷ, കാരുണ്യ എന്നീ ഭാഗ്യക്കുറികളുടെ 20 ലക്ഷം ടിക്കറ്റുകളുമാണ് അച്ചടിച്ച് വിതരണം ചെയ്തിരുന്നത്. പിന്നീട് ഡിമാന്റ് വർദ്ധനവിനനുസരിച്ച് ടിക്കറ്റച്ചടിയിൽ ക്രമേണ വർദ്ധനവ് വരുത്തുകയും നിലവിൽ പൗർണ്ണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ 56 ലക്ഷം ടിക്കറ്റുകളും കാരുണ്യ, കാരുണ്യ പ്ലസ് (പ്രതീക്ഷ ഭാഗ്യക്കുറിയുടെ പേര് മാറ്റിയത്) എന്നീ ഭാഗ്യക്കുറികളുടെ 30 ലക്ഷം ടിക്കറ്റുകളും ധനശ്രീ ഭാഗ്യക്കുറിയുടെ 32.50 ലക്ഷം ടിക്കറ്റുകളും അച്ചടിച്ച് വിതരണം ചെയ്തു വരികയും ചെയ്യുന്നു. |

Jayesh

**സെക്ഷൻ ഓഫീസർ**